പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2407 | 19/06/2013-ൽ മറുപടിയ്ക്ക്

**നിലയ്ക്കൽ കുടിവെള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. പി. കെ. ഗുരുദാസൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതാധികാര സമിതി യോഗത്തിൽ നിലയ്ക്കൽ കുടിവെള്ള പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നോ; പ്രസ്തുത പദ്ധതിക്ക് സംസ്ഥാനതല പരിശോധനാ സമിതി (സ്റ്റേറ്റ് ലെവൽ സ്ക്രൂട്ടിണി കമ്മിറ്റി) അനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ; | എ) പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമ പഞ്ചായത്തും, പെരുനാട് പഞ്ചായത്തിലെ നിലയ്ക്കൽ പ്രദേശവും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ 1-ാം ഘട്ടം പ്രോജക്ട് റിപ്പോർട്ട് 16/5/2013 -ൽ കൂടിയ എസ്.എൽ.എസ്.എസ്.സി. യിൽ ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിരുന്നു. സീതത്തോട് പഞ്ചായത്തിലെ കക്കാട്ടാറ്റിൽ ശുദ്ധീകരണശാല നിർമ്മിച്ച് വെള്ളം ശുദ്ധീകരിച്ച ശേഷം സീതത്തോട് പഞ്ചായത്തിലും, പ്ലാപ്പള്ളി വഴി നിലയ്ക്കൽ പ്രദേശത്തും എത്തിക്കുന്ന രീതിയിലാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ 1-ാം ഘട്ടത്തിന് 58.70 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. എന്നാൽ 16/5/2013 -ൽ കൂടിയ എസ്.എൽ.എസ്.എസ്.സി യിൽ ഫണ്ടിന്റെ അഭാവം മൂലം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ലെന്നും ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| ബി) നിലയ്ക്കൽ ചെക്ക് ഡാമിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;<br><br>സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന അന്വേഷണങ്ങളും കണ്ടെത്തലുകളും അറിയിക്കാമോ? | ബി) & സി) ശബരിമല സീസൺ സമയത്ത് നിലയ്ക്കലിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി 30 മീറ്റർ നീളമുള്ള ഒരു ചെക്ക് ഡാം തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർമ്മിച്ചു. ഇതിന്റെ നിർമ്മാണത്തിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനായി പ്രത്യേക അന്വേഷണമൊന്നും നടത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ